# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 266 **26.02.2018-ൽ മറുപടിയ്ക്ക്**

പരിയാരം ഗവ. ആയുർവ്വേദ കോളേജ്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവ. ആയുർവ്വേദ കോളേജിൽ സർക്കാർ ഉത്തരവായ പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എപ്പോൾ തുടങ്ങാൻ കഴിയും; വിശദമാക്കാമോ; | (എ) | പുതിയ പി.ജി.കോഴ്സുകൾ ആരംഭിച്ചിട്ടില്ല. 3 പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രമേ സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിന് പ്രസ്തുത കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. സർക്കാരിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. **2018** ഏപ്രിൽ **1** മുതൽ **30** വരെയുളള ദിവസങ്ങളിലാണ് സി.സി.ഐ.എം-ന് പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും നിലവിലുള്ള കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിച്ചതിന് ശേഷം സി.സി.ഐ.എം പ്രതിനിധികൾ കോളേജ് സന്ദർശിച്ച് അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ലഭ്യതയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് മന്ത്രാലയമാണ് പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള അനുമതി ഉത്തരവ് നൽകേണ്ടത്. മുകളിൽ കൊടുത്ത നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പി.ജി.കോഴ്സുകൾ ആരംഭിക്കുന്നതാണ്. |
| (ബി) | പരിയാരം ആയുർവ്വേദ കോളേജിന്റെ സമഗ്രവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വിശദാംശം നൽകുമോ? | (ബി) | 1992-ൽ പ്രവർത്തനമാരംഭിച്ച കണ്ണൂർ ഗവ. ആയുർവേദ കോളേജ് 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഒരു വർഷം നീണ്ട് നിൽക്കുന്ന രജത ജൂബിലി ആഘോഷങ്ങൾ നടന്നു വരികയാണ്. കോളേജിന്റെ സമഗ്ര വികസനത്തിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം.**

1. <u>ബി.എ.എം.എസ് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ :-</u>

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ ബിഎ.എംഎസ് സീറ്റുകളുടെ എണ്ണം 40 ൽ നിന്നും 60 ആക്കി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2018-19 അക്കാദമിക് വർഷം മുതൽ വർദ്ധിപ്പിച്ച സീറ്റുകളിലേക്ക് പ്രവേശനം നടത്തുവാൻ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

2. <u>പുതിയ പി.ജി കോഴ്സുകൾ</u>

25 വർഷം പൂർത്തിയാക്കിയ കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ നിലവിലുള്ള രോഗനിദാന, ക്രിയാശരീര എന്നീ പി.ജി കോഴ്സുകളിലെ വിദ്യാർത്ഥികളുടെ എണ്ണം 5 ൽ നിന്നും 7 ആക്കി വർദ്ധിപ്പിക്കുന്നതിനും ശല്യതന്ത്ര, ശാലാക്യ തന്ത്ര, രസശാസ്ത്ര എന്നീ 3 വിഷയങ്ങളിൽ പുതുതായി പി.ജി കോഴ്സുകൾ അനുവദിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും സി.സി.ഐ.എം ന്യൂഡൽഹിയുടേയും നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതുതായി അനുവദിച്ച കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാൻ സാധിക്കുന്നതാണ്.

3. <u>അക്കാദമിക് & അഡ്മിനിസ്ട്രേറ്റീവ് കെട്ടിട നിർമ്മാണം.</u>

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിലെ നിലവിലുള്ള കോളേജ് കെട്ടിടങ്ങളിലെ ക്ലാസ്സ് മുറികൾ വർദ്ധിപ്പിച്ച സീറ്റിനനുസരിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ പര്യാപ്തമല്ല. വകുപ്പുകളുടെ അടിസ്ഥാന സൗകര്യങ്ങളും ഭരണ നിർവ്വഹണ വിഭാഗത്തിന്റെ സൗകര്യങ്ങളും സീറ്റ് വർദ്ധനവിനും പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനും ആനുപാതികമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. സിസിഐഎം ന്യൂഡൽഹിയുടെ എംഎസ്ആർ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പുതിയ അക്കാദമിക് & അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയും അതു പ്രകാരം ചീഫ് ആർക്കിടെക്റ്റ് കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. <u>സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിട നിർമ്മാണം.</u>

ആയുർവേദ കോളേജാശുപത്രിയോടനുബന്ധിച്ച് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന നാല് നിലകളുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ താഴത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. മുകളിലെ നിലകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ടെൻഡർ നടപടികൾ പൂർതതിയാവുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

5. <u>ഇഎൻടി & ഒഫ്ത്താൽമിക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കൽ</u>

കണ്ണൂർ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ ശാലാക്യ തന്ത്ര വിഭാഗത്തിൽ കണ്ണ്, ചെവി, മൂക്ക്, തൊണ്ട, ശിരോരോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി 100 കിടക്കകളുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആയുർവേദ ഹോസ്പിറ്റൽ ഫോർ ഒഫ്ത്താൽമോളജി & ഇഎൻടി ആരംഭിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

6. <u>പെൺകുട്ടികൾക്ക് വേണ്ടി ഹോസ്റ്റൽ നിർമ്മാണം.</u>

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ പെൺകുട്ടികൾക്ക് വേണ്ടി പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കോളേജ് അധികൃതർ പൊതുമരാമത്ത് വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

7. <u>പ്രവേശന കവാടം</u>

രജത ജൂബിലി ആഘോഷിക്കുന്ന കണ്ണൂർ സർക്കാർ ആയുർവേദ കോളേജിന്റെ സമഗ്രമായ പുരോഗതിയുടെ ഭാഗമായി പ്രവേശന കവാടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ